സി6/33216/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 09.10.2017

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അപ്രന്റീസ് ട്രെയിനികളെ നിയമിയ്ക്കുന്നതു - സംബന്ധിച്ച്.

സൂചന:- 05-07-2017- ലെ വ്യാവസായിക പരിശീലനവകുപ്പ് ഡയറക്ടറുടെ കത്ത് നം.എഫ്1/21777/2016.

സൂചന കത്ത് പ്രകാരം ഓരോ സർക്കാർ സ്ഥാപനത്തിലും സർക്കാർ അനുമതി ലഭ്യമാക്കിയശേഷം ഐ.ടി.ഐ അപ്രന്റീസ് ട്രെയിനികളെ സ്റ്റാഫ് സ്ട്രെങ്തിന്റെ 2.5% മുതൽ 10% വരെ എണ്ണം കണക്കാക്കി നിയമിയ്ക്കാവുന്നതാണെന്ന് അറിയിച്ചിരിയ്ക്കുന്നു. ആയതിന് അപ്രന്റിസ് സ്റ്റൈപന്റിന്റെ 25% അല്ലെങ്കിൽ പരമാവധി 1500/- രൂപ കേന്ദ്രസർക്കാർ 'reimbursement' ആയി നൽകുമെന്നും അറിയിച്ചിരിയ്ക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ ചുവടെപ്പറയുന്ന ട്രേഡുകളില ഐ.ടി.ഐ അപ്രന്റീസ് ട്രെയിനികളെ നിയമിയ്ക്കാവുന്നതാണ്.

1. ഇലക്ട്രോണിക് മെക്കാനിക്
2. സ്റ്റെനോഗ്രാഫർ
3. സെക്രട്ടറിയൽ പ്രാക്ടീസ്
4. മെക്കാനിക്
5. കമ്പ്യൂട്ടർ ഓപ്പറേറ്റർ
6. ലബോറട്ടറി അസിസ്റ്റന്റ് (കെമിസ്ട്രി & ഫിസിക്സ്)
7. ഡാറ്റാ എൻട്രി ഓപ്പറേറ്റർ
8. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്

മേൽ സാഹചര്യത്തിൽ ഓരോ സ്ഥാപനത്തിലും ആവശ്യമുള്ള ഐ.ടി.ഐ അപ്രന്റീസ് ട്രെയിനികളുടെ ട്രേഡും എണ്ണവും സംബന്ധിച്ചുള്ള വിവരങ്ങൾ 20-10-2017-നു മുൻപായി ഈ കാര്യാലയത്തിൽ ലഭിയ്ക്കത്തക്കവണ്ണം 'dcedirectorate @ gmail.com' എന്ന ഇ - മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കണമെന്ന് താത്പര്യപ്പെടുന്നു. സൂചന കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്/-
എ.സീതാ ലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 10.10.2017

1959918

GOVERNMENT OF KERALA